# ലോക മാതൃഭാഷാ ദിനം

ലോക മാതൃഭാഷാദിനം (International Mother Language Day) എല്ലാ വർഷവും ഫെബ്രുവരി 21-ന് ആചരിക്കുന്നു. 1999-ൽ യുണെസ്കോ ലോകത്ത് ഭാഷാ സംരക്ഷണത്തിനായി ഈ ദിനം പ്രഖ്യാപിച്ചു. ഭാഷകളെപ്പറ്റി സമൂഹത്തിൽ ബോധവത്കരണവും പ്രചരണവും ഉറപ്പാക്കുന്ന ഈ ദിനം, ഓരോ വ്യക്തയെയും അവന്റെ മാതൃഭാഷയുമായി ബന്ധപ്പെടാനും അത് സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കുന്നു.

മാതൃഭാഷ ഒരു വ്യക്തിയുടെ ആത്മീയമായ, സംസ്കാരികമായ അടിസ്ഥാനമാകുന്നു. എല്ലാ ജനങ്ങളുടെയും സ്വഭാവം, പാരമ്പര്യവും അവരുടെ മാതൃഭാഷയുമായി ഇഴുകിച്ചേർന്നിരിക്കുന്നു. അതിനാൽ, ആ ഭാഷകളുടെ സംരക്ഷണം, പുരോഗതി, എന്നിവയിൽ എല്ലായിപ്പോഴും ശ്രദ്ധ ചെലുത്തുന്നതിന് ലോക മാതൃഭാഷ ദിനം പ്രധാനമാണ്.

ഈ ദിനം പ്രചാരം നൽകിയത്, ഭാഷാ വൈവിധ്യത്തിന്റെ മഹത്വവും അതിന്റെ സാമൂഹിക, സാംസ്കാരിക പ്രാധാന്യവും എല്ലാ മനുഷ്യരുടെയും മനസ്സിൽ പകർത്തുവാൻ വേണ്ടിയാണ്.

# ലോക മാതൃഭാഷാ ദിനാചരണം.

2025 ഫെബ്രുവരി 24-ന് ബിഎൻവി സി.ടി.ഇ.യിലെ വിദ്യാർത്ഥികൾ ലോക മാതൃഭാഷ ദിനം ആഘോഷിച്ചു. മലയാളം അസോസിയേഷൻ ‘പ്രയാഗ’യുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഈ ചടങ്ങിന്റെ അധ്യക്ഷൻ ബി.എൻ.വി.സി.ടി.ഇ. ലൈബ്രറിയൻ ഡോ. രഘുനാഥൻസർ ആയിരിന്നു.സാർ, മലയാള ഭാഷയുടെ ചരിത്രത്തെ കുറിച്ചും ഭാഷാമൂല്യവും സംസ്കാരവും സംരക്ഷിക്കപ്പെടേണ്ടത്തിന്റെ അനിവാര്യതയെ കുറിച്ചും വിദ്യാർഥികളോട് അമുഖമായി സംവദിച്ചു. ശേഷം യോഗത്തിൽ മലയാള വിഭാഗം അധ്യാപക, ഫേബ ടീച്ചർ സ്വാഗത പ്രസംഗം നടത്തുകയും ചെയ്തു.

ലോക മാതൃഭാഷ ദിനത്തിന്റെ ഉത്ഘാടനം ബി. എൻ. വി. സി. ടി. ഇ പ്രിൻസിപ്പൽ ഡോ. ലക്ഷ്മി ടീച്ചർ നിലവിളക്കു കൊളുത്തികൊണ്ട് നിർവ്വഹിച്ചു . മലയാള ഭാഷയുടെ ഉദ്ഭവത്തെകുറിച്ച് വിദ്യാർഥികളോട് സംസാരിക്കുകയും ചെയ്തു.

ബിഎൻ വി സി ടി ഇ വൈസ് പ്രിൻസിപ്പൽ, ഡോ :സുനി ടീച്ചർ ചടങ്ങിൽ ആശംസകൾ അർപ്പിച്ചു. ആഘോഷത്തിന്റെ ഭാഗമായ്,മലയാള വിദ്യാർത്ഥി നേഹ ഒരു മനോഹരമായ കവിത അവതരിപ്പിച്ചു.

പ്രസ്തുത പരിപാടിയുടെ മികച്ച ഭാഗം ഗെയിം സെഷനായിരുന്നു. മധുരം മലയാളം, നാക്കുള്ക്കുമോ നടുവ്ളുക്കുമോ, കേട്ടെഴുത് തുടങ്ങി വിവിധ രസകരമായ ഗെയിമുകൾ നടത്തിക്കൊണ്ട് വിദ്യാർത്ഥികളിൽ ആഘോഷത്തിന്റെ ആവേശം വർദ്ധിപ്പിച്ചു.

ഈ വർഷം, ലോക മാതൃഭാഷ ദിനം ഓർക്കലിന്റെ പ്രതീകം ആയിരുന്നു, ഓരോരുത്തരും മലയാളത്തിന്റെ സാംസ്കാരികമൂല്യങ്ങൾ നിലനിർത്താൻ പ്രതിജ്ഞയെടുത്തു.മലയാള വിദ്യാർത്ഥി ഇർഫാന എം ടി യുടെ ഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും വിദ്യാർത്ഥികൾ അത് ഏറ്റു ചൊല്ലുകയും ചെയ്തു.


മലയാളം അസോസിയേഷൻ
പ്രയാഗ അവതരിപ്പിക്കുന്ന
FEBRUARY
24
1:30 PM
മാതൃഭാഷാ
ദിനാചരണം
ഇ.റ്റി ലാബ്







